# Desabhimani
# 21 August 2018
# Kochi ; Mtero



## മെട്രോയിൽ ഇനി സൗജന്യ യാത്രയില്ല

### പ്രളയത്തെ തുടർന്ന് ഏർപ്പെടുത്തിയ ആനുകൂല്യം

**കൊച്ചി**

പ്രളയത്തെ തുടർന്ന് ഏർപ്പെടുത്തിയ സൗജന്യ യാത്രാനുകൂല്യം അവസാനിപ്പിച്ചതായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് അറിയിച്ചു. ചൊവ്വാഴ്ച മുതൽ യാത്രകൾക്ക് പഴയതുപോലെ നിരക്കുകൾ ഈടാക്കുമെന്നും കെഎംആർഎൽ വാർത്തക്കുറിപ്പിൽ വ്യക്തമാക്കി. സംസ്ഥാനത്ത് പ്രളയദുരിതം നിയന്ത്രണാതീതമായതോടെയാണ് ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി കെഎംആർഎൽ സൗജന്യയാത്ര പ്രഖ്യാപിച്ചത്. വെള്ളം കയറിയതിനെ തുടർന്ന് നിശ്ചലമായ മുട്ടത്തെ മെട്രോ യാർഡിന്റെ പ്രവർത്തനങ്ങളും പൂർവസ്ഥിതിയിലായിട്ടുണ്ട്.